
PAN CHITHRA MADRAS
പാൻചിത്ര
കടവൂർ ചന്ദ്രൻ പിള്ളയുടെ
പുത്രകാമേഷ്ടി
സംവിധാനം
മണി
നിർമ്മാണം
P.S.ചെട്ടി · P.A.നായർ
SUNIL PICTURES RELEASE

# പുത്രകാമേഷ്ടി

## നടീനടന്മാർ:

മധു, ഷീല, ഭാസി, ബഹദൂർ, വീരൻ, ആലുംമൂടൻ, കടുവാക്കുളം, ഗിരീഷ് കുമാർ, കവിയൂർ പൊന്നമ്മ, പ്രേമ, റാണി ചന്ദ്രാ, അടൂർ ഭവാനി, മീന, വഞ്ചിയൂർ രാധ,

ബേബി ശോഭ.

## തിരശ്ശീലയ്ക്കു പിന്നിൽ

| | |
|---|---|
| കഥയും സംഭാഷണവും | കടവൂർ ചന്ദ്രൻപിള്ള |
| ഗാനങ്ങൾ | വയലാർ |
| സംഗീതം | ദക്ഷിണാമൂർത്തി |
| കലാസംവിധാനം | കൊന്നനാട്ട് |
| വേഷശില്പി | ബോസ് |
| വസ്ത്രാലങ്കാരം | കുമാർ |
| ചിത്രസംയോജനം | ചക്രപാണി |
| ഛായാഗ്രഹണം | കൃഷ്ണൻകുട്ടി |
| നിർമ്മാണം | പൊററി ശ്രീനിവാസലു ചെട്ടി |
| | പി. അപ്പുനായർ |
| സംവിധാനം | മണി |
| വിതരണം | സുനിൽ പിക്ചേഴ്സ് |

# പുത്രകാമേഷ്ടി

## കഥയിങ്ങനെ :

മനുഷ്യന്റെ സനാതനമായ സ്വപ്നങ്ങളും സങ്കല്പങ്ങളും തകർന്നു വീണ ചിതാഭൂമിയാണിന്നിവിടം. ഇവിടെ പണത്തിന്റെ തുലാസിലിട്ടു തൂക്കി മനുഷ്യൻ മനുഷ്യന്റെ മൂല്യം നിശ്ചയിക്കുന്നു. കള്ളക്കടത്തും, കരിഞ്ചന്തയും, കൈക്കൂലിയും, ബ്ലാക്ക്മണി ബിസിനസ്സും അനുനിമിഷം വർദ്ധിക്കുകയാണ്. നീതിയും നിയമവും മൂല്യങ്ങളും പണമുള്ളവർക്കു നിസ്സാരവിലയ്ക്കു വാങ്ങാൻ കിട്ടുന്ന വെറും കച്ചവടസാധനങ്ങളായി അധഃപതിച്ചിരിക്കുന്നു. പവിത്രമായ രാഷ്ട്രീയ സിദ്ധാന്തവും കൊടിക്കൂറയും ധനികനു തണലു നൽകുന്ന ഒരു പ്രത്യേക സാമൂഹ്യ രാഷ്ട്രീയ പാശ്ചാത്തലത്തിലേയ്ക്കു് തരം താണിരിക്കുന്നു. രാഷ്ട്രം പലപ്പോഴും അവർക്ക് രാജ്യസേവനത്തിന്റെ കീർത്തി മുദ്ര നൽകുന്നു. നിയമവും നിയാമകശക്തിയും അവർക്കു മുന്നിൽ തലകുനിക്കുന്നു. അവർക്കു മദ്യപിക്കാം, വ്യഭിചരിക്കാം കൊലപാതകം നടത്താം. കാരണം പണമുണ്ട്, പദവിയുണ്ട്, സർവ്വോപരി രാജ്യസേവനത്തിന്റെ കീർത്തിമുദ്രയും. ഇതിന്നെതിരെ പട പൊരുതിയ ഒരു പോലീസു് ഓഫീസറുടെ ശോകനിർഭരമായ ജീവിതകാവ്യമാണ് 'പുത്രകാമേഷ്ടി'

സീതയുടെ കളിത്തോഴനായിരുന്നു കരുണാകരൻ. സഹകരിച്ചു കഴിഞ്ഞ രണ്ടു കുടുംബങ്ങൾ. ഇൻഡ്യ അടിമത്തത്തിൽ നിന്നു വിമോചിതയായി. ആ രാഷ്ട്രീയ പാശ്ചാത്തലം കരുണാകരന്റെ അച്ഛനായ കേശവൻ നായർ ഭംഗിയായി വിനിയോഗിച്ചു. അയാൾ പലപ്രാവശ്യം എം. എൽ. എ. ആയി. എം. പി. ആയി. ഒടുവിൽ സ്റ്റേററിലെ ഏററവും വലിയ ഗവ: കൺട്രാക്ടറായി. ഭരണകൂടത്തിന്റെ ചുക്കാൻ പിടിക്കുകയായിരുന്നു പിന്നയാൾക്കു രസം. വേണ്ടുവോളം സമ്പാദിച്ചു. രാജ്യം വിലയ്ക്കു വാങ്ങുവാനുള്ള പണവും പദവിയുമായി. മകനെ അയാൾ ഒരു ഐ. പി. എസ്. ഓഫീസറാക്കി.

സീതയുടെ അച്ഛൻ മരിച്ചു. നാടാകെ പടർന്നു കയറിയ കുട്ടി വസൂരി അമ്മയെ അന്ധയാക്കി. നിത്യദാരിദ്ര്യത്തിന്റേയും കഷ്ടപ്പാടുകളുടേയും നീരൊഴുക്കിൽ പെട്ടു് അവളുടെ കുടുംബം താണു താണുപോയി. തന്റെ കളിക്കൂട്ടുകാരനെക്കുറിച്ചുള്ള കിനാവുകളും നൊമ്പരങ്ങളും അവൾ ആരുമറിയാതെ മനസ്സിന്റെ ഉള്ളറകളിൽ സൂക്ഷിച്ചു. അവൾക്കു സങ്കല്പിക്കാൻകൂടി കഴിയാത്ത ജീവിതത്തി

ൻെറ ഉന്നതമേഖലകളിലേയ്ക്ക് ആ കളിക്കൂട്ടകാരൻ കടന്നുപോയ്ക്കഴിഞ്ഞിരുന്നു. എങ്കിലും അവരം സമാധാനിച്ചു തൻെറ രാഷ്ട്രത്തിനു് നീതി നിഷ്ഠനായ ഒരു ഡി. എസ്സ്. പിയെ കിട്ടിയിരിക്കുന്നു.

നീതിയുടെ കാര്യത്തിൽ അണുവിടപോലും വിട്ടുവീഴ്ച ചെയ്യാത്ത ആ പോലീസ് ഓഫീസർ, ഭരണത്തിൽ എങ്ങനെയും പററിപ്പിടിച്ചു നിൽക്കാൻ കൊതിക്കുന്ന ക്യാബിനററിനുവരെ ഒരു തലവേദനയായി മാറി,

അച്ഛൻെറ പണത്തിനും പ്രതാപത്തിനും സ്ഥാനമാനങ്ങരംക്കും ഇണങ്ങിയ ഒരു വിവാഹം അച്ഛൻ അയാരംക്കു നിശ്ചയിച്ചു. ചീഫ് സെക്രട്ടറിയുടെ മകളാണു വധു. അച്ഛൻെറ സുഗ്രീവാജ്ഞയും, അമ്മയുടെ കണ്ണുനീരും അയാളെ കതിർമണ്ഡപത്തിലേയ്ക്കു നയിച്ചു.

പക്ഷെ എല്ലാം കഴിഞ്ഞാണു് തൻെറ ഭാര്യ ആരെന്നു് അയാരംക്കു് മനസ്സിലായതു്. അയാരം ഞെട്ടിത്തെറിച്ചു. മനസ്സാക്ഷി കിടിലം കൊണ്ടു. പക്ഷെ, ഒന്നും പുറത്തു പറയാനരുതു്. കത്തിയെരിയുന്ന ഹൃദയത്തിലെ അഗ്നിശാലകരം ആരും കാണാതെ അയാരം സൂക്ഷിച്ചു. അപ്പോഴാണു് മനസാക്ഷിയെ നടുക്കുന്ന ആ അറും കൊലപാതകം നടന്നതു്.

ആരോരുമറിയാതെ ഒരു നിശബ്ദ സ്നേഹത്തിൻെറ തീവ്രദുഃഖവും പേറി നടന്നു സീത. തകന്ന കുടുംബത്തിൻെറ ഒരു നേരത്തെ വിശപ്പടക്കാൻ ഒരു ജോലിയന്വേഷിച്ചു് അവരം തളന്നു. അവസാനം ഒരിൻറർവ്യൂവിനു് അവരം ക്ഷണിക്കപ്പെട്ടു. ആ ജോലി കിട്ടുമെന്നും, അതിൻെറ വരുമാനം കൊണ്ടു് തൻെറ തകന്ന കുടുംബം പുലത്താമെന്നും അവളാഗ്രഹിച്ചു. അങ്ങിനെ ഒരായിരം മോഹനസ്വപ്നങ്ങളോടെ അവരം ഇൻറർവ്യൂവിനു പോയി..............
പക്ഷെ അടുത്ത പ്രഭാതത്തിൽ മനുഷ്യമൃഗങ്ങരം കടിച്ചുകീറിയ അവളുടെ ശവം ആത്തലറുന്ന അലകടലിൻെറ വിരിമാറിൽ സമൂഹത്തോടുള്ള ഒരു ചോദ്യചിഹ്നം പോലെ കിടക്കുന്നു........

ഇതാണു് പുത്രകാമേഷ്ടിയുടെ പശ്ചാത്തലം. അവിടെനിന്നു് മനുഷ്യ മനസ്സാക്ഷിയെ ഞെട്ടിച്ച ആ കൊലപാതകത്തിൻേറയും, അതിൻെറ തീവ്രദു:ഖത്തിൽ നീറിപ്പിടയ്ക്കുന്ന കുറെ മനുഷ്യബന്ധങ്ങളുടേയും ഹൃദയഹാരിയ ആ കഥ ഉരുത്തുരിയുന്നു...............
അതു് അഭ്രപാളികളിൽ കാണുക.

## 1

ഗാനങ്ങൾ:
**വയലാർ**

പാടിയത്:
**ബ്രഹ്മാനന്ദൻ**

ചന്ദ്രികാ ചര്‍ച്ചിതമാം രാത്രിയോടോ
ചെമ്പകപ്പൂവന കുളിരിനോടോ
ഏതിനോടേതിനോടുപമിക്കും — ഞാൻ
ഏഴഴകുള്ളൊരു ലജ്ജയോടോ —

മന്മഥ ഗൃഹത്തിൻ മണിയറ തുറക്കും
വെൺമണി ശ്ലോകത്തിനോടോ
രഹസ്യാഭിലാഷങ്ങൾ, മിഴികളാലറിയിക്കും
രവിവർമ്മ ചിത്രത്തിനോടോ
നീ പറയൂ — നീലാംബുജമിഴി
നീ പറയൂ (ചന്ദ്രികാ....)

സ്വപ്ന നൃത്തത്തിനു യവനിക മാററും
അപ്സര കന്യകയോടോ
മധുവിധു ദാഹത്തിൻ മലരുകൾ നേദിക്കും
മധുരാനുരാഗത്തിനോടോ
നീ പറയൂ — നീലാംബുജമിഴി
നീ പറയൂ (ചന്ദ്രികാ....)

## 2

ഗാനങ്ങൾ:
**വയലാർ**

പാടിയത്:
**എസ്സ്. ജാനകി**

മാസം — മധുമാസം — ഇതു മധുമാസം
മദിരാക്ഷികളുടെ മണിമിഴിക്കോണിൽ
മധുര മധുരോന്മാദം — ഉന്മാദം

കാമദേവൻെറ ഇടത്തേ തോളിലെ
ആവനാഴിയൊഴിയാത്ത മാസം
രാധയും കൃഷ്ണനും കൂടി
രതി സുഖ സാരേ പാടി
രാത്രിയെയേതോ ലഹരിയിൽ മുക്കിയ
രാസ കേളീയാമം — ഇതു

രാസ കേളീയാമം
വരൂ....വരൂ....വരൂ ! (മാസം — മധുമാസം)

ഈറനുടുത്ത നിലാവൊരു — യക്ഷിയായ്
മാരനെത്തിരയുന്ന മാസം
പാതിരാ പ്പൂവുകൾ ചൂടി
പതിയുടെ പൂമടി പൂകി
പാർവ്വതി ശിവനെ തപസ്സിൽനിന്നുണർത്തിയ
കാമോദ്ദീപന യാമം — ഇതു
കമോദ്ദീപനയാമം
വരൂ....വരൂ....വരൂ (മാസം — മധുമാസം)

# 3

ഗാനങ്ങൾ: പാടിയതു്:
**വയലാർ** **പി. സുശീല**

ഓർമ്മകളെ — ഒഴുകിയൊഴുകി ഒഴുകി വരും
ഓളങ്ങളെ —

കുഞ്ഞു കുഞ്ഞുന്നാളിൽ നമ്മൾ ആയിരം കടലാസു —
വഞ്ചികളിലൊഴുക്കിയ മോഹങ്ങളെ
ഓമനിപ്പൂ നിങ്ങളെ ഞാൻ
ഓമനിപ്പൂ —

തൃപ്പൂണിത്തുറയിലെ അത്തച്ചമയം
തൃക്കൺ പാർത്തു വന്ന ചിങ്ങമാസം — അന്നു്
മുററത്തേയ്ക്കോടി വന്ന ചിങ്ങമാസം

പുത്തിലഞ്ഞിക്കാടുകളെ പൊന്നേലസ്സണിയിക്കാൻ
മുത്തുക്കുടക്കീഴിൽ വന്ന ചിങ്ങമാസം — എന്നെ
പുഷ്പിണിയാക്കിയ ചിങ്ങമാസം (ഓർമ്മകളെ....)

പ്രേമമെന്നാലെന്താണെന്നറിയില്ല — എങ്കിലും
പ്രതിശ്രുത പ്രിയ വധുവായിരുന്നു — അന്നേ
പ്രതിശ്രുത പ്രിയ വധുവായിരുന്നു

കൃഷ്ണ തുളസിത്തറയ്ക്കു പ്രദക്ഷിണം വയ്ക്കുമ്പോൾ
കല്ല്യാണ ച്ചെറുക്കനായിരുന്നു — അങ്ങെന്റെ
എല്ലാമെല്ലാമായിരുന്നു (ഓർമ്മകളെ....)

# 4

ഗാനങ്ങൾ: **വയലാർ**

പാടിയതു്: **യേശുദാസ്, പി. ലീല**

എനിക്കുമേലമ്മേ ഈ ഭൂമിയിലെ പൊറുതി
ഏതു നേരവും കല പില കല പില
എഴുപതു നേരവും കശ പിശ കശ പിശ (എനിക്കുമേലമ്മേ....)

പച്ചില – പഴുത്തില – പച്ചില –പഴുത്തില–പൂഹൊയ്
കാലത്തെണീക്കണം കഞ്ഞിയനത്തണം
കാക്കത്തൊള്ളായിരം കിണ്ണം നിരത്തണം
ഈ ചൊല്ലുവിളിയില്ലാത്ത പിള്ളേരെ വളത്തണം
പിള്ളേരുടച്ഛന്റെ പേൻ നോക്കി കൊടുക്കണം

രാമൻ നല്ലവൻ
അവൻ രാവിലെ ഉണരും
പാഠം പഠിക്കും
അച്ഛനേം അമ്മയേം അനുസരിക്കും

രാവിലെ ഉണരുന്ന
പാഠം പഠിക്കുന്ന – രാമൻ
ഇതുവരെ ജയിച്ചിട്ടുണ്ടോ

നാക്കിന്മേൽ എല്ലില്ലാത്തവളെ – നീ
നാലണയ്ക്കു നഞ്ചുവാങ്ങിത്താടി
നാലണയ്ക്കു നഞ്ചുവാങ്ങിത്താടി

അച്ഛനാണേ അമ്മയാണേ
ചത്തുപോയ മക്കളാണെ
അടുത്തൊരു പ്രസവം
എനിക്കു വേണ്ട (അച്ഛനാണെ....)

ദൈവം തരുന്നതു കൈ നീട്ടി വാങ്ങണം
തെണ്ടിയാലുമതുങ്ങളെ വളർത്തേണം
അങ്ങാടീലന്തിക്കു പോണവളേ – നീ
അരക്കുപ്പി പട്ട കൂടി വാങ്ങിത്താ

പച്ചില – പഴുത്തില – പച്ചില – പഴുത്തില – പൂഹൊയ്

# 5

ഗാനങ്ങൾ: **വയലാർ**

പാടിയതു്: **യേശുദാസ്**

തോററു — മരണമേ — തോററു
കൂപ്പു കൈ കുമ്പിളിൽ ബാഷ്പോദകവുമായ്
മാപ്പു ചോദിക്കുന്നു — തലമുറകൾ
മാപ്പു ചോദിക്കുന്നു

ഒളിച്ചു വന്നു നീ, ഒളിയമ്പെയ്തു നീ
ഒരു ദേവതയെ കൂടി
എരിയുന്ന ചിതയിലേയ്ക്കെറിഞ്ഞു നീയൊരു
മാംസ പഞ്ചരം കൂടി

(തോററു — മരണമേ — തോററു)

ഈശ്വരനേക്കാൾ വലുതായിരുന്നു ഈ തപസ്വിനിയാമമ്മാ
ജന്മം മുഴുവനും പുത്രകാമേഷ്ടി ചെയ്തു്
മൺ മറഞ്ഞൊരിയമ്മാ
അമ്മാ — അമ്മാ — അമ്മാ

(തോററു — മരണമേ — തോററു)

ഉഷസ്സു പോലൊരാൾ ഭഗവത് ഗീതയിൽ
ഉപദേശിച്ചതു പോലേ
മരണമൊരുടുവസ്ത്രം മാറലാണോ — ഒരു
ജന്മ മപ്പുറത്തുണ്ടോ

(തോററു — മരണമേ — തോററു)

(കൂപ്പുകൈ....)

## ഞങ്ങളുടെ അടുത്ത മലയാളചിത്രങ്ങൾ

ഉമ ആർട്ട്സിൻെറ

# സതി

മധു, ജയഭാരതി, അടൂർ ഭാസി,

ശങ്കരാടി, ബഹദൂർ *Etc.*

സംവിധാനം: മധു

സുചിത്രമഞ്ജരിയുടെ

# ഉദയം

ശാരദ, മധു, അടൂർ ഭാസി,

ബഹദൂർ, ശങ്കരാടി, ടി. ആർ. ഓമന *Etc.*

സംവിധാനം: പി. ഭാസ്കരൻ

സുനിൽ പിക്ചേഴ്സ് (പ്രൈ) ലിമിററഡ്

കൊച്ചിൻ-18

Chandralekha Printers, Cochin-18. Phone: 33082